# മുസിരിസ് പൈതൃക പദ്ധതി പ്രവർത്തനങ്ങൾക്ക് നെതർലൻഡ്സ് സാങ്കേതിക സഹായം

കൊടുങ്ങല്ലൂർ: മുസിരിസ് പൈതൃക പദ്ധതി പ്രവർത്തനങ്ങൾക്ക് നെതർലൻഡ്സ് സർക്കാർ സാങ്കേതിക സഹായം നൽകുമെന്ന് നെതർലൻഡ്സിന്റെ ഇന്ത്യയിലെ അംബാസഡർ ബോബ് ഷിൻഷ് അറിയിച്ചു.

പോർച്ചുഗീസുകാർ നിർമിക്കുകയും ഡച്ചുകാർ ഏറെ കാലം കൈവശം വെക്കുകയും ചെയ്ത കോട്ടപ്പുറം കോട്ടയിലെ ഉൽഖനനം പരിശോധിക്കുകയായിരുന്നു അദ്ദേഹം.

വെള്ളത്തിനടിയിലെ പുരാവസ്തു ഗവേഷണത്തിനും പദ്ധതി പ്രദേശത്ത് നിർമിക്കുന്ന മ്യൂസിയങ്ങളുടെ നടത്തിപ്പിനുമായിരിക്കും നെതർലൻഡ്സ കൂടുതൽ സഹായം നൽകുക.

ഗവേഷണവിദഗ്ധരെയും മ്യൂസിയം മാനേജ്മെന്റിനു യൂണിവേഴ്സിറ്റി മേധാവികൾ ഉൾപ്പടെയുള്ളസംഘത്തെയുംഎത്തിക്കും.

പഴയ മുസിരിസ് പട്ടണവുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്ന ഡച്ച് സാമ്രാജ്യത്തിന്റെ ഭാഗമാണ് ഇപ്പോഴത്തെ നെതർലൻഡ്സ്. മുസിരിസ് തുറമുഖ നഗരത്തിനു 16-ാം നൂറ്റാണ്ടിൽ വിദേശ രാജ്യങ്ങളുമായി ഉണ്ടായിരുന്ന ബന്ധത്തെ സൂചിപ്പിക്കുന്ന തെളിവുകളും പശ്ചിമേഷ്യ, ചൈന, പോർച്ചുഗീസ്, ഡച്ച് കാലഘട്ടങ്ങളിൽ ഉപയോഗിച്ചതെന്നു കരുതുന്ന കളിമൺ പാത്രകഷണങ്ങൾ, ഡച്ച്, തിരുവിതാകൂർ നാണയങ്ങൾ, പലതരം തറയോടുകളും മേച്ചിലോടുകൾ എന്നിവ അദ്ദേഹം പരിശോധിച്ചു.

പാലിയംകൊട്ടാരം, പട്ടണം, ചേരമാൻ പള്ളി എന്നീ സ്ഥലങ്ങളും സന്ദർശിച്ചു. നെതർലൻഡ്സ് എംബസി സീനിയർ പ്രോഗ്രാം ഓഫിസർ മുഹമ്മദ് അഫ്സലും ഒപ്പമുണ്ടായിരുന്നു.

മുസിരിസ് പൈതൃക പദ്ധതി സ്പെഷൽ ഓഫിസർ വി.എം. സുനിൽ, പദ്ധതി കൺസൾട്ടന്റ് ബെന്നി കുര്യാക്കോസ്, പദ്ധതി പുരാവസ്തു വിഭാഗം കൺസൾട്ടന്റ് ഡോ. എസ്.ഹേമചന്ദ്രൻ, നഗരസഭ അധ്യക്ഷ സുമ ശിവൻ, കൗൺസിലർ വി.എം. ജോണി എന്നിവർ സ്വീകരിച്ചു.

ചേരമാൻ പള്ളിയിൽ മഹല്ല് കമ്മിറ്റി പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സെയ്ദ്, സെക്രട്ടറി എസ്.എ. അബ്ദുൽ ഖയ്യൂം എന്നിവർ സ്വീകരിച്ചു.



*നെതർലൻഡ്സ് സർക്കാരിന്റെ ഇന്ത്യൻ അംബാസഡർ ബോബ് ഹിൻഷ് മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കോട്ടപ്പുറം കോട്ടയിൽ നടത്തുന്ന ഉത്ഖനന പ്രവർത്തനം പരിശോധിക്കുന്നു.*